ഉത്തരം

(എ) ഉണ്ട്.

(ബി) കളക്ഷന്റെ 1.25% വാർഷിക പ്രോൽസാഹന ബോണസായി ലഭിക്കും. കൂടാതെ, ബോണസിന് പരിധി ഉണ്ടായിരിക്കുകയില്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

കെ.ജി.എസ്.ടി. കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി

15 [3268] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂല്യവർദ്ധിത നികുതി നടപ്പിലാക്കുന്നതിനുമുമ്പുവരെ പിരിച്ചെടുക്കുവാൻ കുടിശ്ശികയുണ്ടായിരുന്ന വില്പന നികുതി എത്രയാണെന്ന് പറയാമോ;

(ബി) ഈ നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പറയാമോ;

(സി) കെ.ജി.എസ്.ടി. കുടിശ്ശിക പിരിച്ചെടുക്കുവാൻ ആവശ്യമായ ജീവനക്കാരോ മറ്റ് സംവിധാനങ്ങളോ സർക്കാർ ഏർപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നികുതി കുടിശ്ശിക സമയബന്ധിതമായി തിട്ടപ്പെടുത്തുവാനും പിരിച്ചെടുക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2777.23 കോടി രൂപ.

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിരുന്നു:

1. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വില്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി പ്രകാരം നികുതി കുടിശ്ശിക പിരിക്കുന്നതാണ്.

---

†അനുബന്ധം IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly

2. കുടിശ്ശിക പിരിവിൽ കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിൽനിന്നും നേരിട്ട് പരിശോധന നടത്തി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കിക്കിട്ടുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണറുടെ (ലോ) കീഴിൽ പ്രത്യേകം വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

(സി) മൂല്യവർദ്ധിത നികുതി നടപ്പാക്കിയപ്പോൾത്തന്നെ കെ.ജി.എസ്.ടി. കുടിശ്ശിക പിരിക്കുന്നതിന് തടസ്സമുണ്ടാക്കാത്ത രീതിയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ഡി) നികുതി തിട്ടപ്പെടുത്തി കുടിശ്ശിക കഴിയുന്നത്ര വേഗത്തിൽ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

കെ.ജി.എസ്.ടി. പ്രകാരമുള്ള വില്പന നികുതി കുടിശ്ശിക

16 [3269] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് പിരിച്ചെടുക്കുവാനുള്ള വില്പന നികുതി കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വാറ്റ് നടപ്പിലാക്കിയതിനുശേഷം കെ.ജി.എസ്.ടി. പ്രകാരമുള്ള വില്പന നികുതി കുടിശ്ശികയിൽ എന്ത് തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കെ.ജി.എസ്.ടി. പ്രകാരമുള്ള വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാറ്റ് നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്ത് പിരിച്ചെടുക്കുവാനുണ്ടായിരുന്ന വില്പന നികുതി കുടിശ്ശിക 2777.23 കോടി രൂപയാണ്.

(ബി) 30-6-2005 വരെ 7.02 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വില്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ്

LIBRARY ARCHIVES Kerala Legislative Assembly